30 (174) ചാല ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂളിന് സ്ഥലം അകയർ ചെയ്യുവാൻ നടപടി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചാല ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ യു.പി.സെക്ഷൻ പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം അകയർ ചെയ്യുന്നതിനുവേണ്ടി വല്ല ഹർജിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിനുവേണ്ടിയുള്ള ഫയൽ ഇപ്പോൾ ഏത് ഓഫീസിൽ എത്രകാലം മുതൽ പെൻഡിംഗ് ആണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)& (സി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടുന്ന മുറക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

31 (175) മോഡേണൈസേഷൻ ഓഫ് മദ്രസ്സ എഡ്യൂക്കേഷൻ പദ്ധതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'മോഡേണൈസേഷൻ ഓഫ് മദ്രസ്സ എഡ്യൂക്കേഷൻ പദ്ധതി' പ്രകാരം കേന്ദ്രം സംസ്ഥാനത്തിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു ലഭിച്ചു;

(സി) ഈ തുക പിന്നോക്ക വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ ഉന്നതിയ്ക്കായി നൽകിയോ;

(ഡി) ഇല്ലെങ്കിൽ ഈ ഫണ്ട് ലാപ്സായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തിനു വേണ്ടി ഉപയോഗിച്ചു എന്നു വ്യക്തമാക്കാമോ;

(ഇ) ഈ തുക അപേക്ഷകർക്ക് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 12.3.1996 ൽ

(സി)(ഡി)&(ഇ) കേന്ദ്രസർക്കാർ അനുവദിച്ച തുക കേരളത്തിലെ പ്രത്യേക വിദ്യാഭ്യാസ സാമൂഹ്യ സാഹചര്യങ്ങൾക്കനുസൃതമായി വിനിയോഗിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കുന്നതിലേയ്ക്കായി ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

32 (176) അൺ എയ്ഡഡ് സ്കൂളുകളിൽ പുതുതായി പ്രവേശനം നേടിയ കുട്ടികൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ ഈ വർഷം ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടി എന്ന് അറിയിക്കുമോ;

(ബി) എയ്ഡഡ് ഗവണ്മെന്റ് സ്കൂളുകളിലായി ഇക്കൊല്ലം എത്ര കുട്ടികൾ ഒന്നാം ക്ളാസ് അഡ്മിഷൻ നേടി എന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് ഗവൺമെന്റ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയവരുടെ എണ്ണം അൺ എയ്ഡഡ് സ്കൂളിൽ പ്രവേശനം നേടിയവരുടെ എണ്ണത്തേക്കാൾ കുറവാണോ കൂടുതലാണോ എന്നത് അറിയിക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

33 (177) "ടൈ" ഉപയോഗിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾ "ടൈ" ഉപയോഗിക്കുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly